"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.282/ഡി സി.1/2020/ തസ്വഭവ
തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 11-05-2022

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - അജൈവ മാലിന്യങ്ങളുടെ ശേഖരണം, സംഭരണം, തരംതിരിക്കൽ, കയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാർ കാലാവധിയിൽ വ്യക്തത വരുത്തുന്നത് - സംബന്ധിച്ച്

സൂചന:- 20.07.2020 ലെ DC1/282/2020/LSGD നമ്പർ സർക്കുലർ

**********************

അജൈവ മാലിന്യങ്ങളുടെ ശേഖരണം, സംഭരണം, തരംതിരിക്കൽ, കയ്യൊഴിയൽ എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ/ നഗരസഭകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും, ക്ലീൻ കേരള കമ്പനിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും, ഹരിതകർമ്മസേന പാഴ്‌വസ്തു ശേഖരണം നടത്തുന്നതിനുള്ള കലണ്ടർ, എം.സി.എഫ്.ലേയ്ക്ക് ഹരിതകർമ്മസേന വഴി ശേഖരിക്കാവുന്ന അജൈവ മാലിന്യങ്ങൾ, പുന:ചംക്രമണ സാധ്യതയുള്ള ഇലക്ട്രോണിക് മാലിന്യങ്ങളുടെ വിവരങ്ങൾ, ഇ-വേസ്റ്റിൽ ഉൾപ്പെടുന്ന വിപത്കരമായ മാലിന്യങ്ങൾ, എം.സി.എഫിലേക്ക് എത്തിക്കാൻ പാടില്ലാത്ത മാലിന്യങ്ങൾ, എം.സി.എഫിലേക്ക് അജൈവ മാലിന്യങ്ങൾ ശേഖരിക്കേണ്ട വിധം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

2. സൂചന സർക്കുലറിന്റെ അടിസ്ഥാനത്തിൽ ആകെ 834 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ക്ലീൻ കേരള കമ്പനി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത കരാറിൽ കരാർ കാലാവധി നിർവചിച്ചിട്ടില്ല എന്നും, കരാർ പുതുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യം ഉന്നയിക്കുന്നുണ്ടെന്നും ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സൂചന സർക്കുലർ പ്രകാരം ക്ലീൻ കേരള കമ്പനിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാർ വ്യവസ്ഥകളിൽ മാറ്റമില്ലാത്തതു കാരണം പുതിയ ഭേദഗതി സർക്കുലർ വരുന്നത് വരെ നിലവിലെ കരാറിന് കാലാവധി ഉണ്ടായിരിക്കുന്നതാണ് എന്ന് വ്യക്തത വരുത്തുന്നു.

R S KANNAN
SPECIAL SECRETARY

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

I/5271535/2022

എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Harikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്